# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5232

**02.07.2013**- ലെ മറുപടിക്ക്

## സഹകരണ കോൺഗ്രസ് സമ്മേളനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.റ്റി. ബൽറാം | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ കോൺഗ്രസ് സമ്മേളനം നടത്തുകയുണ്ടായോ; വിശദമാക്കമോ; | (എ) സംസ്ഥാനത്ത് ഏഴാം സഹകരണ കോൺഗ്രസ് സമ്മേളനം 2012 നവംബർ മാസം 13 മുതൽ 16 വരെയുള്ള തീയതികളിൽ തൃശ്ശൂർ തേക്കിൻകാട് മൈതാനിയിൽ വച്ച് നടത്തുകയുണ്ടായി. |
| (ബി) സമ്മേളനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സംസ്ഥാനത്തെ സഹകരണ മേഖല കൈവരിച്ച നേട്ടങ്ങൾ വിലയിരുത്തുന്നതിനും ലക്ഷ്യം വയ്ക്കേണ്ട ഭാവി പദ്ധതികൾ ചർച്ച ചെയ്യുന്നതിനും, മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമാണ് സഹകരണ കോൺഗ്രസ് നടത്തിയത്. |
| (സി) സമ്മേളനത്തിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ചർച്ച ചെയ്തിട്ടുള്ളത്; വിശദമാക്കമോ; | (സി) സമ്മേളനത്തിൽ താഴെപ്പറയുന്ന വിഷയങ്ങളെ അധികരിച്ച് അവതരിപ്പിച്ച പ്രബന്ധങ്ങൾ വിശദമായി ചർച്ച ചെയ്യുകയും അതിന്മേൽ നിർദ്ദേശങ്ങൾ ഉയർന്നു വരികയും ചെയ്തിട്ടുണ്ട്.<br>1. സഹകരണ സംഘം നിയമഭേദഗതി.<br>2. കേരളത്തിലെ ആശുപത്രി സഹകരണ സംഘ ങ്ങൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും.<br>3. കേരളത്തിലെ ഖാദി ഗ്രാമ വ്യവസായ മേഖല.<br>4. കേരളത്തിലെ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളും അവർ നേരിടുന്ന പ്രശ്നങ്ങളും.<br>5. സഹകരണ ഭവന മേഖല സാധ്യതകളും മാർഗ്ഗങ്ങളും.<br>6. സഹകരണ പ്രസ്ഥാനവും പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളും.<br>7. സഹകരണ മേഖലയും ജീവനക്കാരും. |

8. മത്സ്യതൊഴിലാളി സഹകരണ സംഘങ്ങൾ.

9. പലവക സഹകരണ സംഘങ്ങൾ.

10. സാഹിത്യ പ്രവർത്തക സഹകരണ സംഘം.

11. സഹകരണ പ്രിന്റിംഗ് പ്രസ്സുകൾ.

12. ശാരീരിക മാനസിക വൈകല്യം നേരിടുന്ന വരുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള സഹകരണ സംഘങ്ങളുടെ രൂപീകരണം.

13. കേരളത്തിലെ ക്ഷീര സഹകരണ മേഖല ഇന്നലെ-ഇന്ന്-നാളെ.

14. പ്രൊഫഷണൽ വിദ്യാഭ്യാസവും സഹകരണ മേഖലയും.

15. അർബൻ സഹകരണ ബാങ്കുകൾ നേരിടുന്ന പ്രശ്നങ്ങൾ, പരിഹാര മാർഗ്ഗങ്ങൾ.

16. കയർ സഹകരണ മേഖല 1952 മുതൽ 2012 വരെ.

17. ഉയിർത്തെഴുന്നേൽപ്പിനായി കേഴുന്ന കൈത്തറി വ്യവസായവും തൊഴിലും.

18. ഉപഭോക്തൃ പ്രസ്ഥാനം സഹകരണ മേഖലയിൽ

19. സഹകരണ വായ്പാ മേഖല പുത്തൻ അവസരങ്ങളും വെല്ലുവിളികളും.

20. വനിതാ സഹകരണ സംഘങ്ങൾ.

21. കാർഷിക ഗ്രാമ വികസന ബാങ്കും സുസ്ഥിര കാർഷിക ഗ്രാമ വികസനവും.

| | |
|---|---|
| (ഡി) നിർദ്ദേശങ്ങളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) ചർച്ചകളിൽ ഉരുത്തിരിഞ്ഞു വന്ന അഭിപ്രായങ്ങളിൽ സഹകരണ നിയമവുമായി ബന്ധപ്പെട്ട സ്വീകാര്യമായവ സഹകരണ നിയമ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റ് വിഷയങ്ങളിലുള്ള നിർദ്ദേശങ്ങളിന്മേൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**